(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഐ.ഡി.കെ-14/1573 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തീയതി :28.11.2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാന്തൻപാറ ഗ്രാമ പഞ്ചായത്ത്

സർ,
വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/ഐ.ഡി.കെ-14/1573/2016 തീയതി: 28.11.2016

# ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.12.2015 മുതൽ 14.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളിദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2016 മുതൽ 21.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റ്റി.ഒ. പോളി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. യു. സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ്.ആർ. | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം. ഹരിചന്ദ്രൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.11.15 മുതൽ<br>18.11.15 വരെ |
| | ശ്രീ. ജിഷ ദിലീപ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ എസ്. (ഹെഡ് ക്ലർക്ക്- പൂർണ്ണ അധിക ചുമതല) | 01.04.2015 മുതൽ<br>06.04.2015 വരെ |
| | ശ്രീ. പി. വി. മധു | 07.04.2015 മുതൽ<br>31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീ. എം. കെ. ദേവദാസ് | 01.04.2015 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ബീന ആർ. | 01.04.2015 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. ആർ. മുതൽ രാജ് | 01.04.2015 മുതൽ 31.03.16 വരെ |
| ഗ്രാമസേവകൻ | ശ്രീ. കെ.കെ.നൗഷാദ് | 01.04.2015 മുതൽ 15.10.2015 വരെ |
| | ശ്രീ. രാജേഷ്. റ്റി.ആർ | 16.10.2015 മുതൽ 01.02.2016 വരെ |
| | ശ്രീ.കെ. വി. ബാബു | 02.02.2016 മുതൽ 14.03.206 വരെ |
| | ശ്രീമതി. ഗീതാമോൾ പി.ആർ | 15.03.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. റ്റി.ആർ. പത്മിനിയമ്മ | 01.04.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. മിഥുൻ കെ. | 01.04.2015 മുതൽ 09.08.2015 വരെ |
| | ഡോ. ഗീതു കൃഷ്ണൻ | 10.08.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സുശീല ആർ. | 01.04.2015 മുതൽ 31.03.16 വരെ |
| ഹെഡ് മിസ്ട്രസ്, പഞ്ചായത്ത് LPS പൂപ്പാറ | ശ്രീമതി. സുധദേവി കെ.എൻ. | 01.04.2015 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് | 2-2 |
| 14 | കെട്ടിട പെർമിറ്റ് ഫീസ് കുറവായി ഈടാക്കാത്തത് സംബന്ധിച്ച് | 2-3 |
| | ഭാഗം - 3 | |
| 15 | കുടിവെള്ള പദ്ധതികൾക്കുള്ള ജി.ഐ.പൈപ്പുകൾ സ്ഥാപിക്കൽ-ട്രഞ്ചിംഗിനു വേണ്ടി അധിക തുക പിൻവലിച്ചു നഷ്ടം ₹67547/- | 3-1 |
| 16 | പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-2 |
| 17 | റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല. നഷ്ടം - 94,611/- | 3-3 |
| 18 | കുടിവെള്ള പദ്ധതികൾ - അപാകതകൾ | 3-4 |
| 19 | നിർമ്മാണ തൊഴിലാളിക്ഷേമനിധി-ട്രഷറിയിൽ നിന്നും പിൻവലിച്ച തുക കൈവശം സൂക്ഷിച്ചിരിക്കുന്നു | 3-5 |
| 20 | മീഡിയാശ്രീ-പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-6 |
| 21 | ലാപ് ടോപ്പ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ തടസ്സം ₹79794/- | 3-7 |
| | ഭാഗം - 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 03.03.2015 തീയതിയിലെ I-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സംവിധാനത്തിലും വാർഷിക ധനകാര്യപത്രിക ഡബിൾ എൻട്രി സംവിധാനത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിലുള്ള താരതമ്യം കൃത്യമായി നടത്തുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 24-5-2015 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,72,45,023- |
| വരവ് | 3,95,28,963/- |
| ആകെ | 6,67,73,986/- |
| ചെലവ് | 5,57,05,414/- |
| നീക്കിയിരിപ്പ് | 11,068,572 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3879200 | 11131077 | 15010277 | 12868053 | 85.72 |
| വികസനഫണ്ട് എസ്.സി.പി. | 4720419 | 7309301 | 12029720 | 8769634 | 72.89 |
| വികസനഫണ്ട് ടി.എസ്.പി. | 430766 | 448182 | 878948 | 527348 | 59.99 |
| സംരക്ഷണഗ്രാന്റ് റോഡ് | 1552323 | 8250000 | 9802323 | 8713475 | 88.89 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1476610 | 3549094 | 5025704 | 3677954 | 73.18 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3532544 | 4550412 | 8082956 | 7966944 | 98.56 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3717983 | 0 | 3717983 | 3712086 | 99.84 |
| എം.എൻ.ആർ.ഇ.ജി.എസ്. | 7255 | 462987 | 470242 | 469140 | 99.77 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 33369924 | 121 | 29661946 | 0 | 15 | 89% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല -

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.25 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2883968 | 2882515 | (-)1453 | (-)0.5 |
| നികുതിയേതര വരവുകൾ | 1500452 | 1100764 | (-)399688 | (-)26.63 |
| മറ്റുവരവുകൾ | 0 | 455952 | 455952 | 0 |
| ആകെ | 4384420 | 4439231 | 54811 | 1.25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30480 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 21600 | 3 |
| വിധവാപെൻഷൻ | 4654400 | 524 |
| വാർദ്ധക്യകാലപെൻഷൻ | 4116000 | 627 |
| വികലാംഗപെൻഷൻ | 957800 | 107 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 32800 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2016 4.00 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ₹**60891/-** എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. തെരുവുവിളക്കുകളുടെ രജിസ്റ്റർ ആനുകാലികമല്ല. സ്റ്റീറ്റ് ടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നടത്തി കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുണ്ട്. വസ്തുനികുതിയിനത്തിൽ വളരെയധികം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2016 | സെപ്റ്റംബർ 2016 | 31.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.05.2012 | 1997-98 മുതൽ 2003-04 | 03.01.2013 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2015-16വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ താഴെ പറയുന്ന അപാകതകളുണ്ട്. ഇത് പരിഹരിക്കേണ്ടതാണ്.

1. വാർഷിക ധനകാര്യപത്രികയിൽ കമ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം എന്നിവയുടെ കുടിശ്ശിക (ബാലൻസ് ഷീറ്റ് പ്രകാരം) 5012/- ആകുന്നു. എന്നാൽ രജിസ്റ്ററിൽ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.

2. മറ്റ് വാടകകൾ കിട്ടാനുള്ളത് (ബാലൻസ് ഷീറ്റ് പ്രകാരം) 69228/- ആകുന്നു. എന്നാൽ രജിസ്റ്ററിൽ നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.

3. വാടക കിട്ടാനുള്ളത് (ബാലൻസ് ഷീറ്റ് പ്രകാരം) 377238/- ആകുന്നു. എന്നാൽ രജിസ്റ്ററിൽ വാടകകുടിശ്ശിക കാണിച്ചിട്ടില്ല.

4. വസ്തു നികുതി കിട്ടാനുള്ളത് (ബാലൻസ് ഷീറ്റ് പ്രകാരം) 1661443/- ക്രഡിറ്റ് ചെയ്ത് പ്രിയർ പീരിഡ് ഇൻകം റസിഡൻഷ്യൽവസ്തുനികുതി എന്ന ഹെഡിൽ ചെലവ് എഴുതി നഷ്ടമായി കാണിച്ചിരിക്കുന്നു.

5. തൊഴിൽനികുതി കിട്ടാനുള്ളത് (ബാലൻസ് ഷീറ്റ് പ്രകാരം) 1243646/- ക്രഡിറ്റ് ചെയ്ത് പ്രിയർ പീരിഡ് ഇൻകം തൊഴിൽനികുതി എന്ന ഹെഡിൽ ചെലവ് എഴുതി നഷ്ടമായി കാണിച്ചിരിക്കുന്നു.

6. തൻവർഷവാടകകുടിശിക (ബാലൻസ് ഷീറ്റ് പ്രകാരം) ₹172237/- ആണ്. എന്നാൽ രജിസ്റ്ററിൽ ₹173057/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

7. ബാലൻസ് ഷീറ്റിൽ സ്ഥിരനിക്ഷേപം ₹138500/- ആണ്. എന്നാൽ സ്ഥിരനിക്ഷേത്തിന്റെ രസീത് പ്രകാരം 143000/- ആകുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015-2016 വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരിൽ /സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | എസ് സി ബി പൂപ്പാറ | അർദ്ധ വർഷം 1 & 2 |
| 2. | ഐ.ഡി.സി.ബി പൂപ്പാറ | അർദ്ധ വർഷം 1 & 2 |
| 3. | എസ് ഡി എ സ്കൂൾ, ശാന്തൻപാറ | അർദ്ധ വർഷം 2 |

ബി) സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | കെ എസ്സ് ഇ ബി പൂപ്പാറ | അർദ്ധ വർഷം 1& 2 |

| | | |
|---|---|---|
| 2. | സൺ ഓട്ടോ ഫിനാൻസ് | അർദ്ധ വർഷം 1 & 2 |
| 3. | ഐ.ഡി.സി.ബി പൂപ്പാറ | അർദ്ധ വർഷം 1 & 2 |
| 4. | കൊശമറ്റം ഫിനാൻസ്, പൂപ്പാറ | അർദ്ധ വർഷം 1 |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈടാക്കുവാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

2015-16 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1. ഷോപ്പ് ഇൻചാർജ്, സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, പൂപ്പാറ

2. ദി മാനേജർ, സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ, ഇന്ത്യ ലിമിറ്റഡ്

ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കാത്ത മേൽ സൂചിത സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്-നഷ്ടം ₹10800/-

2015-16 വർഷത്തിൽ ശ്രീ.സെബാസ്റ്റ്യൻ സാബു, വെറ്റുച്ചിറമലയിൽ, ശാന്തമ്പാറ എന്നയാൾക്ക് വാണിജ്യം/ബിസിനസ്സ് ആവശ്യത്തിനായി 27.02.2016-ൽ 27/15-16 നമ്പർ കെട്ടിട പെർമിറ്റ് നൽകി. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ കെട്ടിട വിസ്തീർണ്ണം | 459.10എം2 |
| സ്ഥല വിസ്തീർണ്ണം | 250 എം2 |
| പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണാനുപാതം | 1.84 |
| അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം (വാണിജ്യം/ബിസിനസ്സ്) | 1.75 |
| അനുവദനീയമായ കെട്ടിട വിസ്തീർണ്ണം | 1.75x250=437.5എം2 |
| നിലവിലെ കെട്ടിട വിസ്തീർണ്ണം | 459.10എം2 |
| അധിക വിസ്തീർണ്ണം | 459.10-437.5=21.06 |
| അധിക തറ വിസ്തീർണ്ണാനുപാതത്തിന് ഈടാക്കേണ്ട ഫീസ് | 21.6x500=10800 |

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിയ നിർമ്മാണ ചട്ടം 35 പട്ടിക 2 പ്രകാരം കുറവായി ഈടാക്കിയ ₹10800/- അപേക്ഷകനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികൾക്കുള്ള ജി.ഐ.പൈപ്പുകൾ സ്ഥാപിക്കൽ- ട്രഞ്ചിംഗിനു വേണ്ടി അധിക തുക പിൻവലിച്ചു നഷ്ടം ₹67547/-

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന കുടവെള്ള പദ്ധതികൾക്ക് ജി.ഐ.പൈപ്പ്

സ്ഥാപിക്കുന്നതിന് ആവശ്യമായതിലും അധികം നീളത്തിൽ ട്രഞ്ചിംഗ് നടത്തിയതുമൂലം പ്രവൃത്തിയുടെ കൺവീനർമാർക്ക് അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**1.** കനാൽ മുഖപ്പ് കുടിവെള്ള പദ്ധതി

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | 65/16 |
| അടങ്കൽ | : | ₹30000/- (വികസന ഫണ്ട് -ജനറൽ) |
| കൺവീനർ | : | സുരേന്ദ്രൻ, മുരുകവിലാസം, ശാന്തമ്പാറ |
| അളവ് ബുക്ക് | : | 119/15-16 |

ചെലവ് വിശദാംശങ്ങൾ

| ബിൽ നം./തീയതി | തുക(₹) |
|---|---|
| 14/12.08.15 | 299539 |

മതികെട്ടാൻചോലയിലുള്ള പ്രകൃതിദത്ത സ്രോതസിൽ നിന്നും കനാൽ മുഖപ്പ് ഭാഗത്തുള്ള ടാങ്കിലേയ്ക്ക് കുടിവെള്ളമെത്തിച്ച് ജി.ഐ.പൈപ്പുകൾ വഴി ജലവിതരണം നടത്തുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. അളവ് ബുക്ക് ഇനം 4, 5, 6 എന്നിവ പ്രകാരം ആകെ 624 മീറ്റർ നീളത്തിലാണ് ജി.ഐ.പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്.(40എം.എം ജി.ഐ.പൈപ്പ് 210 മീ, 32 എം.എം.ജി.ഐ.പൈപ്പ് 214 മീ) എന്നാൽ അളഴ് ബുക്ക് ഇനം 1 പ്രകാരം 1104 മീ. നീളത്തിൽ ട്രഞ്ചിംഗ് നടത്തിയതിന് (DSR modified 18.3) ₹65.20/മീ നിരക്കിൽ 71980/- കൺവീനർക്ക് നൽകിയിട്ടുണ്ട്. ആവശ്യമായതിലും അധികം 480 മീറ്റർ നീളത്തിൽ ട്രഞ്ചിംഗ് നടത്തിയതിന് (1104-624) കൺവീനർക്ക് അധികം നൽകിയതിനാൽ ₹31296/-(480x65.20) നഷ്ടം ഉണ്ടായിട്ടുണ്ട്.

**2.** പുത്തടി കുടിവെള്ള പദ്ധതി

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | 72/16 |
| അടങ്കൽ | : | 30000/-(വികസന ഫണ്ട്) |
| കൺവീനർ | : | ഭാരതീരാജ, പുത്തടി |
| അളവ് ബുക്ക് | : | 622/15-16 |

ചെലവ് വിശദാംശങ്ങൾ

| ബിൽ നം./തീയതി | തുക(₹) |
|---|---|
| 63/31.03.16 | 299660 |

മതികെട്ടാൻചോലയിലുള്ള പ്രകൃതിദത്ത സ്രോതസിൽ നിന്നും കുടിവെള്ള ടാങ്കിൽ വെള്ളമെത്തിച്ച് ജലവിതരണം നടത്തുന്നതിന് അളവു ബുക്ക് ഇനം 3, 4, 5 എന്നിവ പ്രകാരം ആകെ 462 മീറ്റർ നീളത്തിലാണ് ജി.ഐ.പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. (50എം.എം ജി.ഐ.പൈപ്പ് 270 മീ. 25 എം.എം.ജി.ഐ.പൈപ്പ് 150 മീ & 20 എം.എം.ജി.ഐ.പൈപ്പ് 42 മീ.) എന്നാൽ ജി.ഐ.പൈപ്പുകൾ സ്ഥാപിക്കുന്നതിന് അളവ് ബുക്ക് ഇനം 2 പ്രകാരം 1018 മീറ്റർ നീളത്തിൽ ട്രഞ്ചിംഗ്

നടത്തിയിട്ടുണ്ട്. 556 മീറ്റർ നീളത്തിൽ അധികം ട്രഞ്ചിംഗ് നടത്തിയതിന് കൺവീനർക്ക് നൽകിയ ₹36251/- (556x65.20) നഷ്ടമായി.

പ്രവൃത്തിക്കാവശ്യമായതിലും അധികം നീളത്തിൽ ട്രഞ്ചിംഗ് നടത്തിയതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് വിശദീകരണം നൽകിയിട്ടില്ല. ഉപഖണ്ഡിക 1, 2 എന്നിവ പ്രകാരം നിജപ്പെടുത്തിയ നഷ്ടം ₹67547/- ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2015-16 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | പദ്ധതി നം./പദ്ധതിയുടെ പേര് | പദ്ധതി ചെലവ് (₹) | ഫണ്ടിനം |
|---|---|---|---|
| 1 | അംഗൻവാടി പോഷകാഹാരം (22/16) | 16,00,000 | ധനകമ്മീഷൻ ഗ്രാന്റ് കേന്ദ്രവിഹിതം |
| 2 | അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം (23/16) | 72,900 | വികസന ഫണ്ട് ജനറൽ |
| 3 | അംഗൻവാടികൾക്ക് മേശ (88/16) | 26847 | വികസന ഫണ്ട് ജനറൽ |
| 4 | അംഗൻവാടികളിലേക്ക് സ്റ്റീൽ പാത്രം, ഫർണീച്ചർ വാങ്ങൽ (89/16) | 221535 | മെയിന്റനൻസ് ഗ്രാന്റ് |
| 5 | ബാലസഭ (111/16) | 72659 | വികസന ഫണ്ട് ജനറൽ |
| 6 | അംഗൻവാടികളിലേക്ക് ഫർണീച്ചർ വാങ്ങൽ (92/16) | 33544<br>58702 | ലോക ബാങ്ക്<br>മെയിന്റനൻസ് ഗ്രാന്റ് |
| | ആകെ | 2537367 | |

പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1) യാതൊരു മറുപടിയും നല്കിയിട്ടില്ല. 1994 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 11(1) (ബി) പ്രകാരം 23.11.16 ൽ സമ്മൺസും ഇഷ്യൂ ചെയ്തിട്ടുണ്ട്. 2013-14 & 14-15 വർഷങ്ങളിലെ പദ്ധതി ചെലവ് ഫയലുകളും നാളിതുവരെയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി ഫയലുകൾ ഹാജരാക്കുന്നതിന് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 11(1)(എ), 11(1)(ബി) എന്നിവ പ്രകാരം 31.03.16 ൽ സമ്മൺസും 11.09.16 ൽ കാരണം കാണിക്കൽ നോട്ടീസും നല്കിയിട്ടും ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. 2013-14, 14-15 &15-16 വർഷങ്ങളിലെ പദ്ധതി ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ വീഴ്ച വരുത്തിയിട്ടുള്ള സാഹചര്യത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ ₹25,37,367/- (2015-16 വർഷത്തെ പദ്ധതി ചെലവ്) യുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 റോഡ് കോൺക്രീറ്റിംഗ് - അധികം നിരക്ക് നൽകി- നഷ്ടം - 94,611/-

റോഡ് കോൺക്രീറ്റിംഗിന് വെയറിംഗ് കോട്ടായി ചെയ്യുന്ന 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് ഇടുക്കി ജില്ലയിൽ നല്കാവുന്ന നിരക്ക് ഡാറ്റ DSR- 2014 ഐറ്റം നമ്പർ 4.1.3 പ്രകാരം(CPWD Specification) ആണ്. (7062/m3 (without CP)രൂപയും കരാറുകാരുടെ ലാഭം ഉൾപ്പെടെ നല്കാവുന്ന നിരക്ക് 8,121.30/m3 രൂപയും ആണ്). എന്നാൽ ഈ പ്രവൃത്തിക്ക് നല്കിയ ഫ്ലോർ കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ നിരക്കായ ഡാറ്റ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെയുള്ള നിരക്കാണ് നല്കിയത്. (7440.40/m3(without CP) രൂപയും കരാറുകാരുടെ ലാഭം ഉൾപ്പെടെ നല്കിയ നിരക്ക് 8,556.40/m 3രൂപയും ആണ്). ഇപ്രകാരം ഒരു ഘന.മീറ്ററിന് 378.40m3/-(without CP) രൂപയും കരാറുകാരുടെ ലാഭം ഉൾപ്പെടെ 435.10/m3 രൂപയുംഅധികം നല്കിയിട്ടുണ്ട്. അധികം നൽകിയ തുക ₹94611/- ഉത്തരവാദിയായ എഞ്ചിനീയർമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ/ കരാറുക്കാരൻ | അളവ് ബുക്ക് നം. | ബിൽ നം./തീ./1തുക | അളവ് (എം3) | നിരക്ക്/എം3 | തുക | അധികം നല്കിയ തുക 378.40/ എം3 / 435.10/m3 |
|---|---|---|---|---|---|---|---|---|
| 1 | S0034/16പുതുപ്പാറ റോഡ് കോൺക്രീറ്റിംഗ് | സാജു പി. എസ് | 454/15-16 | 45/15-16 / 29.01.16 / 4,05,690/- | 27.60 | 8,556.40 | 2,36,157 | 12,009/- |
| 2 | S0169/16, ആട്ടവിളന്താൻ കടി റോഡ് കോൺക്രീറ്റിംഗ് | വെങ്കിടാചലം | 93/15-16 | 25/15-16/ 31.12.15/ 4,75,900/- | 27.5 | 7440.40 | 2,04,611/- | 10,406/ |
| 3 | S0055/16ടാങ്ക് മേട് കോൺക്രീറ്റിംഗ് | സാജു പി. എസ് | 202/15-16 | 59/15-16/ 31.12.15/ 4,00,000/- | 77.10 | 8,556.40 | 6,59,698/- | 33,546/- |
| 4 | S063/16, പേത്തൊട്ടി-ഉദയമൂർത്തി മുനിയാണ്ടിപാറ റോഡ് കോൺക്രീറ്റിംഗ് | പി.സി. ജോസ് | 684/15-16 | 68/15-16/ 2,99,539/- | 23.081 | 8556.40 | 1,97,490 | 10,043/- |
| 5 | S0181/16പുത്തടി ഗോപാൽതേവർകോളനി റോഡ് കോൺക്രീറ്റിംഗ് | വി.വി കുരിയാച്ചൻ | 94/15-16 | 24/15-16/ 4,00,000/- | 25.232 | 7440.40 | 1,87,736/- | 9,548/ |
| 6 | S0076/16വേട്ടവൻ പാറ റോഡ് | പി.സി. ജോസ് | 685/15-16 | 35/15-16 4,55,239/- | 14.704 | 8556.4.40 | 1,26,327/- | 6,398/- |
| 7 | S00138/16 ചുണ്ടൽ മുരുകൻ കോവിൽ റോഡ് | സാജു പി. എസ് | 579/15-16 | 56/15-16 4,04,198/- | 29.10 | 8,556.4 | 2,48,991/- | 12,661/- |

| | |
|---|---|
| ആകെ | 94,611 |

## 3-4 കുടിവെള്ള പദ്ധതികൾ - അപാകതകൾ

പഞ്ചായത്ത് ഓരോ വർഷവും ലക്ഷകണക്കിന് രൂപയാണ് കുടിവെള്ള പദ്ധതികൾക്കായി ചെലവഴിക്കുന്നത്. തനത് വർഷം 1.03 കോടി രൂപ കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾക്കാണ് ഓരോ വർഷവും ഇപ്രകാരം തുക ചെലവഴിക്കുന്നത്. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ കുടിവെള്ള പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചുട്ടുണ്ട് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ കണക്കോ ഈ പദ്ധതി ഏതെല്ലാം സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് എന്നോ എത്ര മീറ്റർ നീളത്തിൽ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നത് സംബന്ധിച്ചോ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

കുടിവെള്ള പദ്ധതിക്കായി അധികം തുകയും ചെലവഴിക്കുന്നത് നിലവിലുള്ള കുടിവെള്ള പൈപ്പ് മാറ്റുന്നതിനും പുതിയ പൈപ്പ് വാങ്ങുന്നതിനും വേണ്ടിയാണ് . ഇപ്രകാരം ഇടുന്ന പൈപ്പുകളും പി.വി.സി. ടാങ്കുകളും എവിടെയാണ് എന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരാണ് എന്നോ ഫയലിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പരിശോധിക്കാനും സാധ്യമല്ല. പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ല. ഓരോ പദ്ധതിയുടേയും എല്ലാ ഗുണഭോക്താക്കളുടെ വിവരവും ഈ പദ്ധതി ഏതെല്ലാം സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട് എന്ന വിവരവും രേഖപ്പെടുത്തേണ്ടതും ചെലവഴിച്ച ആകെ തുക ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-5 നിർമാണ തൊഴിലാളി ക്ഷേമ വിഹിതം - പിൻവലിച്ച തുക ഒടുക്കിയിട്ടില്ല - 37,121/-

മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന രൂപ അസ്സി. എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുകയും പിന്നീട് ഡിമാന്റ് ഡ്രാഫ്റ്റ് ആയി കരാറുക്കാർക്ക് നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യാതെ കരാറുകാർക്ക് നേരിട്ട് നല്കി. മാത്രമല്ല നിർമാണ തൊഴിലാളി ക്ഷേമ വിഹിതമായി ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക അസി. എഞ്ചിനീയർ ക്ഷേമനിധി ബോർഡിൽ ഒടുക്കാതെ കൈവശം സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ/ കരാറുക്കാരൻ | ബിൽ നം | പിൻവലിച്ച തുക | നിർമാണ തൊഴിലാളി ക്ഷേമ വിഹിതം |
|---|---|---|---|---|---|
| 1 | 39/16 | ശ്രീ.സാജു പി. എസ് | 39/15-16 /21-1-16 | 3,16,544 | 3,332 |
| 2 | 62/16 | ശ്രീ.സാജു പി. എസ് | 40/15-16 /15-2-16 | 1,29,128 | 2,916 |
| 3 | 116/16 | ശ്രീ.സാജു പി. എസ് | 41/15-16 15-2-16 | 8,54,237 | 8,992 |
| 4 | 120/16 | ശ്രീ.സാജു പി. എസ് | 43/15-16 15-2-16 | 6,64,394 | 6,578 |

| | | | | | |
|---|---|---|---|---|---|
| 5 | 48/16 | ശ്രീ.സാജു പി. എസ് | 44/15-16<br>15-2-16 | 2,65,430 | 2,794 |
| 6 | 34/16 | ശ്രീ.സാജു പി. എസ് | 45/15-16<br>15-2-16 | 3,85,605 | 4,057 |
| 7 | 45/16 | ശ്രീ.സാജു പി. എസ് | 46/15-16<br>15-2-16 | 3,67,577 | 3869 |
| 8 | 47/16 | ശ്രീ.സാജു പി. എസ് | 47/15-16<br>15-2-16 | 4,35,395 | 4,583 |
| ആകെ | | | | | 37,121 |

മേൽ പറഞ്ഞ നിർമാണ തൊഴിലാളി ക്ഷേമ വിഹിതം പിന്നീട് അസി. എൻജിനിയറുടെ ബാങ്ക് അക്കൗണ്ടിൽ A/c No. SBT 67053189576) ബാലൻസ് ഉണ്ടായിരുന്ന തുകയിൽനിന്ന് അടക്കുകയാണ് ചെയ്തത്.

നിർമാണ തൊഴിലാളി ക്ഷേമ വിഹിതമായി പിൻവലിച്ച തുക അസി. എൻജിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 മീഡിയാശ്രീ-പൂർത്തീകരണ വിവരം ലഭ്യമല്ല- ₹65,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹65,000/- |
| പ്രോജക്ട് നം. | 155/16 |
| ബിൽ നം.20/21.03.16,<br>21/21.03.16 | ₹20000/-<br>₹45000/- |

ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലുള്ള ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഡയറക്ടർക്ക് ₹65,000/- നല്കിയിട്ടുണ്ട്. (DD No. 2850തീയതി:21.03.16 & 1542/06.07.15) പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ നാളിതുവരെയും ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹65,000/- കുടുംബശ്രീ മിഷൻ ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ₹65,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ലാപ് ടോപ്പ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ, തടസ്സം ₹79794/-

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| പദ്ധതി | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം |
| പദ്ധതി നം | 31/2016 |
| അടങ്കൽ തുക | ₹ 718500/- (വികസന ഫണ്ട്) |
| ബിൽ നം/ തീയതി/ തുക | 01/15-16/16.3.2016, ₹ 256400/- |

എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം എന്ന പദ്ധതിയ്ക്കായി റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനമായ എസ്സ്

സ്ക്വയേർഡ് ടെക്നോളജീസ് കട്ടപ്പന എന്ന സ്ഥാപനത്തിൽ നിന്നും 7 ലാപ് ടോപ്പുകൾ വാങ്ങുകയും ഇതിനായി മേൽ സൂചിത ബിൽ പ്രകാരം ₹ 256400/- (ഒന്നിന് ₹ 39897/-) പ്രകാരംപിൻവലിച്ച് നൽകുകയും ചെയ്തു. (7 ലാപ് ടോപ്പിൽ 1 എണ്ണം സൗജന്യമായി നൽകിയിട്ടുണ്ട്.)

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.3.2015 ലെ സ.ഉ. (സാധാ) നം 787/15/ത.സ്വ.ഭ.വ ഉത്തരവിൽ 12.3.2015 ലെ കോർഡിനേഷൻ കമ്മറ്റി തീരുമാനം പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ, പോളി ടെക്നിക് എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന എസ്സ് സി/ എസ്സ് റ്റി വിദ്യാർത്ഥികൾക്ക് മാത്രമേ ലാപ് ടോപ് വാങ്ങി നൽകാവൂ.

എന്നാൽ 2015-16 വ്രഷത്തിൽ ലാപ് ടോപ് വാങ്ങി നൽകിയ 7 വിദ്യാർഥികളിൽ താഴെപ്പറയുന്ന രണ്ട് പേർ സർക്കാർ നിർദ്ദേശ പ്രകാരം അർഹതയില്ലാത്തവരാണ്.

| | |
|---|---|
| ആര്യ എ D/o രവികുമാർ ആര്യമഠത്തിൽ ചേരിയാർ, ശാന്തൻപാറ പി.ഒ. | ബി എസ്സ് സി ബോട്ടണി |
| മണിമാല D/o മുത്തുകൃഷ്ണൻ തങ്ക ഇല്ലം 381/പൂപ്പാറ | ബികോം |

സ്രക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് വാങ്ങി നൽകിയ ഇനത്തിലുള്ള തുകയായ ₹79794/- (2x39897/-) സാധൂകരണത്തിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| - ഇല്ല - | | | | |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| - ഇല്ല - | | | | | | | |

### 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| - ഇല്ല - | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| - ഇല്ല - | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (അക്കൗണ്ട്സ് പ്രകാരം)* | 138500/-* |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 138500/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (അക്കൗണ്ട്സ് പ്രകാരം)* | 138500/- * |

* അക്കൗണ്ട്സ് പ്രകാരം ₹138500/-യാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ശാന്തൻപാറയിലെ ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിലെ രസീത് നം. 1118/25.11.2015പ്രകാരം ₹143000/- സ്ഥിരനിക്ഷേപമുണ്ട്. ഇത് അക്കൗണ്ട്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം |
|---|---|---|
| ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, ശാന്തൻപാറ | ₹143000/- | രസീത് നം. 1118/25.11.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹240/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2003-04 | 2-2 | 240 | ശ്രീ വി. രാധാകൃഷ്ണൻ, സെക്രട്ടറി | 11504101011/1-10-15 |
| | ആകെ | 240 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2003-04<br>ഖണ്ഡിക നം. 2-1 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39528963 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55705414 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹10800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2736646/- |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 144794/- |
|---|---|

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 2-3 | 10800 | - | ശ്രീ. എം.കെ. ദേവദാസ്, അസി.എഞ്ചിനീയർ | |
| 3-1 | - | 67547/- | ₹33773 | ശ്രീ. ദേവദാസ് എം. കെ., അസി. എൻജിനീയർ |
| | | | ₹33774 | ശ്രീ. കെ.എം. ഉഷാനന്ദൻ, അസി.എക്സി.എഞ്ചിനീയർ |
| 3-2 | - | 2537367/- | ശ്രീമതി പത്മിനിയമ്മ റ്റി. ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| 3-3 | - | 94611 | ശ്രീ. എം.കെ. ദേവദാസ്, അസി.എഞ്ചിനീയർ | |
| 3-5 | - | 37121 | ശ്രീ. എം.കെ. ദേവദാസ്, അസി.എഞ്ചിനീയർ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | ₹65000/- | ശ്രീ പി.വി. മധു, സെക്രട്ടറി, |
| 3-7 | 79794 | ശ്രീമതി. സുധദേവി കെ.എൻ. ഹെഡ്മിസ്ട്രസ് പഞ്ചായത്ത് എൽ.പി. സ്കൂൾ, ശാന്തൻപാറ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
3(1), 3(4), 3(5) & 3(6)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ദേവദാസ് എം. കെ., അസി. എൻജിനീയർ | - | മുണ്ടക്കാപ്പറമ്പിൽ, ഇരിങ്ങോൾ പി.ഒ., പെരുമ്പാവൂർ – 683548 |
| ശ്രീ. കെ.എം. ഉഷാനന്ദൻ, അസി.എക്സി.എഞ്ചിനീയർ | - | കിഴക്കൻ ഹൗസ്, ഓപ്പോസിറ്റ് സബ്സ്റ്റേഷൻ, കട്ടപ്പന , ഇടുക്കി 685508 |
| ശ്രീമതി പത്മിനിയമ്മ റ്റി. ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ഇലവൻതാനത്ത് മഠം, കോത്തല പി.ഒ., പാമ്പാടി – 686502 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1961-62 | എൽ.എഫ്.ഐ-5/555/90/ 4.9.1990 | |
| 1966-67 | - ടി - | |
| 1969-70 | - ടി - | |
| 1970-71 | - ടി - | |
| 1972-73 | - ടി - | |
| 1973-74 | - ടി - | |
| 1974-75 | - ടി - | |
| 1975-76 | എൽ.എഫ്.ഐ-5/3101/പി3/-7/ 3.12.1977 | |
| 1976-77 | എൽ.എഫ്.ഐ-5/2565/പി3/-78 3.8.1979 | |
| 1977-78 | എൽ.എഫ്.ഐ-5/79/80 20.6.1980 | |
| 1978-79 | എൽ.എഫ്.ഐ-5/178/81 2.2.1981 | |
| 1979-80 | എൽ.എഫ്.ഐ-5/55/82 12.1.1982 | |
| 1980-81 | എൽ.എഫ്.ഐ-5/915/82 8.8.1983 | |
| 1981-82 | എൽ.എഫ്.ഐ-5/1105/83 5.4.1984 | |
| 1982-83 | എൽ.എഫ്.ഐ-5/85/87 3.3.1988 | |
| 1983-84 | എൽ.എഫ്.ഐ-5/859/88 7.6.1988 | |
| 1984-85 | എൽ.എഫ്.ഐ-5/384/88/15.6.1988 | |
| 1985-86 | എൽ.എഫ്.ഐ-5/890/90 11.12.1990 | |
| 1986-87 | എൽ.എഫ്.ഐ-5/915/90 12.10.1990 | |
| 1987-88 | എൽ.എഫ്.ഐ-5/415/91 6.6.1991 | |
| 1988-89<br>1989-90 | എൽ.എഫ്.ഐ-5/202/93 27.2.1993 | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-5/119/94 18.3.1994 | |
| 1992-93 | എൽ.എഫ്.ഐ-5/291/94 27.8.1994 | |
| 1993-94 | എൽ.എഫ്.ഐ-5/79/472/ 4.1.1997 | |

| | | |
|---|---|---|
| 1994-95 | | |
| 1996-97 | എൽ.എഫ്.ഐ-9/182/01 6.5.2001 | |
| 1997-98 | എൽ.എഫ്.ഐ-9/352/02 26.7.2002 | |
| 1998-99 | എൽ.എഫ്.ഐ-9/371/01 3.7.2003 | |
| 1999-00 | എൽ.എഫ്.ഐ-9/298/01 30.11.2001 | |
| 2000-01 | എൽ.എഫ്.ഐ-9/453/03 3.12.2003 | |
| 2001-02 | എൽ.എഫ്.ഐ-9/190/04 5.3.2004 | |
| 2002-03 | എൽ.എഫ്.ഐ-9/629/04 31.7.2007 | |
| 2003-04 | എൽ.എഫ്.ഐ-14/792/04 1.9.2011 | |
| 2004-05 | എൽ.എഫ്.ഐ-9/749/00 10.11.2004 | |
| 2005-06 | എൽ.എഫ്.ഐ-14/576/00 11.11.2011 | |
| 2006-07 | എൽ.എഫ്.ഐ-12/1249/12 6.12.2012 | |
| 2007-08 | എൽ.എഫ്.ഐ-14/1159/12 7.3.2012 | |
| 2008-09 | എൽ.എഫ്.ഐ-14/1346/12 12.4.2013 | |
| 2009-10 | എൽ.എഫ്.ഐ-14/655/12 12.4.2013 | |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13 13.3.2014 | |
| 2012-13 | എൽ.എഫ്.ഐ-14/1220/14 3.2.2015 | |
| 2013-14 &<br>2014-15 | കെ.എസ്.എ/ഐ.ഡി.കെ-14/10/2016/1.4.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ /14/1573/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി: 28.11.2016
Ph: 04862227332
E-mail:doidk.ksad@kerala.gov.in

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശാന്തൻപാറ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK- /14/1573/2016

Kerala State Audit Department
District Audit Office,Idukki
Thodupuzha,Date:28.11 .2016
Ph:04862-227332
E-mail:-doidk.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **SANTHANPARA** Grama Panchayat in Idukki District for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of **SANTHANPARA** Grama Panchayat for the year 2015-16 except observations in my Audit Report properly presents the picture of income & expenditure.

**DEPUTY DIRECTOR**
**IDUKKI**